# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 299 — 06.01.2014-ലെ മറുപടിക്ക്

## സംസ്ഥാനത്തെ ജയിൽ വരുമാനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.പി.എ.മാധവൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | |
| --- | --- |
| എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ ജയിൽ വരുമാനത്തിൽ നാളിതുവരെ എത്രമാത്രം പുരോഗതിയാണ് കൈവരിച്ചിട്ടുള്ളത്; | എ) ജയിലുകളിൽ നിന്നും വാണിജ്യാടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് വിതരണം ചെയ്തുവരുന്ന ചപ്പാത്തി, വെജിറ്റബിൾ കറി, ചിക്കൻ കറി, ഇഡ്ഡലി-സാമ്പാർ, ചിക്കൻ ബിരിയാണി, ചില്ലി ചിക്കൻ എന്നിവയും ബേക്കറി ഉല്പന്നങ്ങൾ എന്നിവയുടെയും വിപണനം മൂലം ലഭിക്കുന്ന വരുമാനം, കൂടാതെ ജയിലുകളിൽ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ, ഫാമുകളിൽ നിന്നുള്ള പാൽ, പാലുല്പന്നങ്ങൾ, ജയിൽ മാനുഫാക്ടറീസിൽ തടവുകാരുടെ സേവനം ഉപയോഗിച്ച് നിർമ്മിക്കുന്ന ഫർണിച്ചറുകൾ, സോപ്പ്, ഫിനോയിൽ എന്നിവ കൂടാതെ ജയിൽ നെയ്ത്തുശാലയിൽ നിർമ്മിക്കുന്ന വസ്ത്രങ്ങൾ മുതലായവയെല്ലാം ജയിൽ വകുപ്പിന്റെ വരുമാന സ്രോതസ്സുകളാണ്. കൂടാതെ ചീമേനി, നെട്ടുകാൽത്തേരി തുറന്ന ജയിലുകളിൽ നിന്നും ലഭിക്കുന്ന കാർഷിക വിഭവങ്ങളായ കശുവണ്ടി, റബ്ബർ തുടങ്ങിയവയുടെ വിപണനം മൂലവും വകുപ്പിന് വരുമാനം ലഭിക്കുന്നു. |

| വർഷം | ജയിൽ വകുപ്പിന്റെ ആകെ വരുമാനം (1) | ബുക്ക് അഡ്ജസ്റ്റ്മെന്റ് കിഴിച്ച് റ്റി.ആർ 5 പ്രകാരം ട്രഷറിയിൽ അടച്ച ആകെ വരുമാനം (2) |
| --- | --- | --- |
| 2011-2012 | 3,41,25,669/- | 2,05,52,535/- |
| 2012-2013 | 13,27,37,898/- | 4,18,92,499/- |
| 2013 നവംബർ 30 വരെ | 17,93,39,185/- | 4,05,12,601/- |

| | |
|---|---|
| ബി) ഈ വരുമാന വർദ്ധനവിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | ബി) സംസ്ഥാനത്തെ 10 ജയിലുകളിൽ ചപ്പാത്തി യൂണിറ്റുകൾ ആരംഭിച്ച് വാണിജ്യാടിസ്ഥാനത്തിൽ ചപ്പാത്തി നിർമ്മിച്ച് വില്പന നടത്തി വരുന്നു. ഇഡ്ഡലി, ദം ബിരിയാണി, ബേക്കറി ഉല്പന്നങ്ങളായ ലഡു, കേക്ക്, ചിപ്സ് എന്നിവ നിർമ്മിച്ച് വിപണനം നടത്തി വരുന്നു. സംസ്ഥാനത്തെ മൂന്ന് സെൻട്രൽ ജയിലുകളിൽ പന്നിവളർത്തൽ കേന്ദ്രം ആരംഭിച്ചു. നെട്ടുകാൽത്തേരി തുറന്ന ജയിലിൽ പൗൾട്രി ഫാം ആരംഭിച്ചു. ചീമേനി തുറന്ന ജയിൽ, വിയ്യൂർ സെൻട്രൽ ജയിൽ എന്നിവിടങ്ങളിൽ വെട്ടുകല്ല് യൂണിറ്റ് സ്ഥാപിക്കുകയും നെട്ടുകാൽത്തേരി തുറന്ന ജയിലിൽ ഇന്റർലോക്ക് മണ്ണ് ഇഷ്ടിക, സിമന്റ് ബ്ലോക്ക് എന്നിവ വ്യാവസായിക അടിസ്ഥാനത്തിൽ നിർമ്മിച്ച് വിതരണം നടത്തുന്നതിനുമുള്ള നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. |
| സി) ഭക്ഷണ സാധനങ്ങൾ ഉൾപ്പെടെയുള്ള ജയിൽ ഉല്പന്നങ്ങൾ പൊതു വിപണിയിൽ എത്തിക്കുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; | സി) ഭക്ഷണ സാധനങ്ങൾ വില്പന നടത്തുന്നതിനായി ഔട്ട്ലെറ്റുകൾ, മൊബൈൽ യൂണിറ്റ് എന്നിവ ആരംഭിച്ചിട്ടുണ്ട്. |
| ഡി) വരുമാന വർദ്ധനവിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ജയിലുകളിൽ ഒരുക്കിയിട്ടുള്ളത്? | ഡി) വരുമാന വർദ്ധനവിനായി ചപ്പാത്തി യൂണിറ്റ്, ഇഡ്ഡലി യൂണിറ്റ്, ബേക്കറി യൂണിറ്റ് എന്നിവ തുടങ്ങുകയും പന്നി വളർത്തൽ കേന്ദ്രം, പൗൾട്രി ഫാം എന്നിവ ആരംഭിക്കുകയും ചെയ്തു. കൂടാതെ ഭക്ഷണ സാധനങ്ങൾ വില്പന നടത്തുന്നതിനായി ആശുപത്രികൾ, തീർത്ഥാടന കേന്ദ്രങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് മൊബൈൽ വില്പന കേന്ദ്രം ആരംഭിക്കുകയും ജയിലുകളിൽ ഔട്ട്ലെറ്റുകൾ തുറക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ